പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 231 4.2.2013 ൽ മറുപടിക്ക്

## സൈബർ സെൽ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.അസീസ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷം രജിസ്റ്റർ ചെയ്ത സൈബർ കേസുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | എ) 1025 എണ്ണം |
| ബി) സൈബർ സെൽ സാങ്കേതികമായി കൂടുതൽ ശക്തിയാർജ്ജിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) ഐ.റ്റി. ആക്റ്റിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ക്രൈം കേസുകളിലും, പരാതികളിലും വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി അന്വേഷണം നടത്തി തെളിവുകൾ കണ്ടെത്തുന്നതിനും, കുറ്റവാളികളെ പിടികൂടുന്നതിനും ജില്ലയിലെ പോലീസ് സ്റ്റേഷനുകളെയും, അന്വേഷണ ഉദ്യോഗസ്ഥരെയും സഹായിക്കുന്നതിനും 19 പോലീസു ജില്ലകളിലും ഓരോ സൈബർസെൽ പ്രവർത്തിയ്ക്കുന്നുണ്ട്. അതാത് പോലീസ് ജില്ലയിലെ പോലീസ് സേനാംഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത പോലീസുദ്യോഗസ്ഥർക്ക് സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പരിശീലനം നൽകിയാണ് പ്രസ്തുത സെല്ലുകൾ പ്രവർത്തിയ്ക്കുന്നത്. സൈബർ സെല്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശം തൽക്കാലം മാറ്റിവെച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ